പബ്ലിസിറ്റി അസിസ്റ്റന്റിന്റെ പോസ്റ്റിലേക്കുള്ള സെലക്ഷൻ.

* 1791. [41] ശ്രീമതി കുസുമംജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർബോർഡിൽ ഒരു പബ്ലിസിറ്റി അസിസ്റ്റന്റിന്റെ പോസ്റ്റിനു് അപേക്ഷകരും ക്ഷണിക്കുകയുണ്ടായോ; എത്ര അപേക്ഷകരുണ്ടായിരുന്നു;

(ബി) പത്രപ്രവർത്തനത്തിൽ (എഡിറ്റോറിയൽസ്റ്റാഫിൽ) അഞ്ചു കൊല്ലത്തെ പരിചയവും, ജേർണലിസത്തിൽ ഡിപ്ലോമയും, കയർ വ്യവസായത്തിൽ നല്ല അറിവും കുറഞ്ഞ യോഗ്യതയായിരിക്കണമെന്നു് പരസ്യത്തിൽ നിർദ്ദേശിച്ചിരുന്നുവോ;

(സി) യോഗ്യതയുള്ളവർ പലരും അപേക്ഷകരായി ഉണ്ടായിരുന്നിട്ടും സെലക്ഷൻബോർഡിൽ അന്യായമായ സ്വാധീനം ചെലുത്തി യോഗ്യതയില്ലാത്ത ഒരു വ്യക്തിയെ ഈ ഉദ്യോഗത്തിനു് തിരഞ്ഞെടുക്കുകയുണ്ടായോ;

(ഡി) സെലക്ഷൻബോർഡിലെ ഒരു അംഗമായ മുൻമന്ത്രി മി. കുഞ്ഞുരാമൻ അവിടെ നടന്ന അനീതിയെ പ്രതിഷേധിച്ചു് ഇൻവർവ്യൂ ചെയ്തിരുന്നിടത്തു് നിന്നിറങ്ങിപ്പോകുകയും പ്രസ്തുത അനീതിയെപ്പറ്റി പത്രങ്ങളിൽ പ്രസ്താവന ചെയ്യുകയും ഉണ്ടായിട്ടുണ്ടോ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്):

(എ, ബി, സി, ഡി) സ്റ്റേറ്റ് ഗവണ്മെന്റിന്റെ അധീനതയിലുള്ള ഒരു സ്ഥാപനമല്ല കയർബോർഡു്. അതുകൊണ്ടു് പബ്ലിസിറ്റി അസിസ്റ്റന്റിന്റെ നിയമനത്തെക്കുറിച്ചു് വിവരങ്ങളില്ല.

നോൺ അവാഡു് ബാങ്കുകളിലെ ജീവനക്കാരുടെ വേതനം.

* 1792. [44] ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നോൺ അവാഡു് ബാങ്കുകളിലെ ജീവനക്കാരുടെ വേതനം, സർവ്വീസു് വ്യവസ്ഥകളും മുതലായവയെപ്പറ്റി പഠിച്ചു് ആവശ്യമായ നിർദ്ദേശങ്ങളും ഗവണ്മെന്റിനു് നൽകുന്നതിനുവേണ്ടി ഒരു നോൺ സ്റ്റാറ്റ്യൂട്ടറി കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്; അംഗങ്ങളും ആരെല്ലാം;

(ബി) അവരുടെ നിർദ്ദേശങ്ങളും ഗവണ്മെന്റിലേക്കു് ലഭിച്ചുകഴിഞ്ഞോ; ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസു്):

(എ) 12-11-1958-ൽ അപ്രകാരമുള്ള ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്. അംഗങ്ങളുടെ പേരുവിവരമടങ്ങിയ ലിസ്റ്റു് † മേശമേൽ വച്ചിട്ടുണ്ടു്.

(ബി) ഇല്ല.

† Please see Appendix V.

LIBRARY ARCHIVES Kerala Legislative Assembly